തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സോഷ്യൽ ഓഡിറ്റ് സെൽ

119(327) ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി സോഷ്യൽ ഓഡിറ്റ് സെൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സോഷ്യൽ ഓഡിറ്റ് സെൽ രൂപീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഡി) സോഷ്യൽ ഓഡിറ്റ് സെൽ രൂപീകരിക്കുന്നതിന് വഴി തെളിച്ച സാഹചര്യങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) 21-12-2010-ലെ സ.ഉ.(കൈ) നമ്പർ 305/2010/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംസ്ഥാന സോഷ്യൽ ഓഡിറ്റ് സംവിധാനം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന* ടി സർക്കാർ ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപന വകുപ്പുകളുടെ സംയോജനം

120 (328) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസനം, തദ്ദേശ സ്വയം ഭരണം, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീവകുപ്പുകൾ സംയോജിപ്പിച്ച് ഒറ്റ വകുപ്പാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ വകുപ്പ് സംയോജനവുമായി ബന്ധപ്പെട്ട് ഇറങ്ങിയിട്ടുള്ള സർക്കാർ ഉത്തരവുകൾ ഏതൊക്കെയാണ് ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) ഈ വകുപ്പുകൾ സംയോജനം നടത്തുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ഡി) ഒറ്റ വകുപ്പാക്കി മാറ്റുമ്പോഴുള്ള സ്റ്റാഫ് പാറ്റേൺ എന്തായിരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന് ഒരു പൊതു സർവ്വീസ് രൂപീകരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ച് ഒരു ഉദ്യോഗസ്ഥതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly